(3) *പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി:* ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന തുക ലബോറട്ടറികളുടെയും ഡ്രഗ് സ്റ്റോറുകളുടെയും നിർമ്മാണത്തിനും, ലബോറട്ടറി സാധനസാമഗ്രികൾ വാങ്ങുന്നതിനും പൊതുജന ബോധവൽക്കരണ പരിപാടികൾക്കും ജീവനക്കാർക്ക് പരിശീലനവും വേതനവും നൽകുന്നതിനും മറ്റുമായി പ്രയോജനപ്പെടുത്തുന്നു.

(4) *ദേശീയ കുഷ്ഠ രോഗ നിർമ്മാർജ്ജന പരിപാടി:* 14 ജില്ലകളിലേയും ഹെഡ്ക്വാർട്ടേഴ്സ് ഓഫീസ് പ്രവർത്തനങ്ങൾക്കുള്ള ചെലവുകളും ആവർത്തന ചെലവുകളും, ഐ.ഇ.സി. പ്രവർത്തനങ്ങൾ, ട്രെയിനിംഗ്, ജീവനക്കാർക്കുള്ള ശമ്പളം, മരുന്നുകൾ, മീറ്റിംഗുകളും വർക്ക്ഷോപ്പുകളും നടത്തുക എന്നിവയ്ക്കാണ് ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന തുക ചെലവഴിക്കുന്നത്.

കേരളത്തിലെ ദ്വിതീയതല ആരോഗ്യ സംവിധാനം വികസിപ്പിക്കുന്നതിനുദ്ദേശിച്ചുകൊണ്ട് ലോകബാങ്കിന് സമർപ്പിച്ചിട്ടുള്ള പ്രോജക്റ്റിന്റെ നിർവ്വഹണത്തിന് നിർണ്ണയിച്ചിട്ടുള്ള മേഖലകൾ താഴെപ്പറയുന്നവയാണ്:

(1) ആരോഗ്യ മേഖലയിലെ പൊതുമേഖല ചെലവ് വർദ്ധിപ്പിച്ച് പാവപ്പെട്ടവരെ സഹായിക്കുക.

(2) പൊതുമേഖലയിലെ ആരോഗ്യ സേവനം മെച്ചപ്പെടുത്തുവാൻ ഘടനാപരമായി ആസൂത്രണം നടത്തുക.

(3) ക്ലിനിക്കൽ സർവ്വീസിന്റെ ഗുണവും, സാമീപ്യവും വർദ്ധിപ്പിക്കുവാൻ നോൺ ഗവൺമെന്റ് ഏജൻസികളെ ഇടപെടുത്തുക.

(4) പകർച്ചവ്യാധികളല്ലാത്ത അസുഖങ്ങളുടെ ദുരിതം കുറയ്ക്കുവാൻ നയവും, കർമ്മപരിപാടിയും തയ്യാറാക്കുക.

(5) പൊതുമേഖലയുടെ മൊത്തത്തിലുള്ള പങ്ക് ശക്തിപ്പെടുത്തുക.

(6) മത്സ്യത്തൊഴിലാളികൾ, പട്ടികവർഗ്ഗക്കാർ, നഗരത്തിലെ ദരിദ്രർ മുതലായ അവശവിഭാഗത്തിന് ആരോഗ്യ സേവനം നൽകുക.

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

140 [444] *ശ്രീ. ജോണി നെല്ലൂർ:*
,, *ടി. എം. ജേക്കബ്:*
,, *ഷിബു ബേബിജോൺ:*
,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/609/2012—23

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പ് കൃത്യമായി പരിശോധന നടത്താത്തതിനാൽ അളവുതൂക്കങ്ങളിൽ പൊതുജനങ്ങൾ കബളിപ്പിക്കപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായി അളവുതൂക്കം പരിശോധിക്കുവാൻ കാലതാമസം ഉണ്ടാകുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) അളവുതൂക്കങ്ങളിൽ കൃത്യതയില്ല എന്നുള്ള പരാതികൾ ഉണ്ട്.

(ബി) വ്യാപാര സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും അതിനനുസരിച്ച് ജീവനക്കാർ ഇല്ലാത്തതും കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണങ്ങളാണ്.

(സി) ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയാണ് ഇതിനുള്ള ഒരു പ്രതിവിധി. എന്നാൽ സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നേ ഇക്കാര്യം പരിഗണിക്കാനാവൂ.

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് രക്ഷകർത്താക്കളുടെ വരുമാനപരിധി ഉയർത്താൻ നടപടി

141 [445] *ശ്രീ എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരും ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായ കുട്ടികൾക്ക് സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള രക്ഷകർത്താവിന്റെ വരുമാനപരിധി 6,000 രൂപയിൽ നിന്നും 9,000 രൂപയായി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നുമുതൽ നടപ്പിലാക്കുവാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) വികലാംഗരും ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായ കുട്ടികൾക്ക് സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി ഇപ്പോൾ 9,000 രൂപയിൽ കൂടുതലാണ്. താഴെ കാണിക്കുംപ്രകാരം വരുമാനപരിധി വ്യത്യസ്ത നിരക്കിൽ നിജപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly